(ഡി&ഇ) ഉണ്ട്. 12-7-2013-ലെ സ.ഉ.(അച്ചടിച്ചത്) നമ്പർ 339/2013/ധന ഉത്തരവ് പ്രകാരം 1-4-2013 മുതൽ അന്നത്തെ കലാകാര പെൻഷൻ തുകയായ 550 രൂപയിൽ നിന്നും 650 രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ 26-6-2014 തീയതിയിലെ സ.ഉ.(കൈ) നമ്പർ 25/14/സാം.ക.വ. ഉത്തരവ് പ്രകാരം 1-4-2014 മുതൽ 650 രൂപയിൽ നിന്നും 750 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

കത്തിയോട്ട പരിശീലന കേന്ദ്രം

78 (1478) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ഏറെ പ്രശസ്തമായ അനുഷ്ഠാനകലയായ കത്തിയോട്ട ചുവടും പാട്ടും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പരമ്പരാഗത കത്തിയോട്ട ആശാൻമാരുടെ മേൽ നോട്ടത്തിൽ ഓണാട്ടുകരയിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേരള ഫോക്‌ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കത്തിയോട്ട പരിശീലനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി കത്തിയോട്ട ശിൽപ്പശാലകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ കലാകാരൻമാർക്കും സ്റ്റൈപ്പന്റ്, പെൻഷൻ, ചികിത്സാ സഹായം എന്നിവ നൽകിവരുന്നു. ഈ കലാരൂപം പരിപോഷിപ്പിക്കുന്നതിനായി അക്കാദമി പ്രത്യേക പരിഗണന നൽകുന്നുണ്ട്. എന്നാൽ ഓണാട്ടുകരയിൽ കത്തിയോട്ട പരിശീലന കേന്ദ്രം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൊച്ചിൻ ബിനാലെ പദ്ധതി

79 (1479) ഡോ. ടി. എം. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ ബിനാലെ പദ്ധതി സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ചത് ഏത് കാലയളവിലാണ് ; ഇത് സംബന്ധിച്ച ആദ്യ മന്ത്രിസഭാ തീരുമാനം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബിനാലെയുടെ പിന്നിട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ;

(സി) ബിനാലെയ്ക്കുവേണ്ടി ആദ്യഘട്ടത്തിൽ പരിശ്രമം നടത്തിയവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ ; എങ്കിൽ ആ തീരുമാനം പിന്നീട് വേണ്ടെന്നുവച്ചതിന്റെ കാരണം എന്തായിരുന്നു ;

(ഡി) ബിനാലെയ്ക്ക് ആദ്യഘട്ടം സർക്കാർ സഹായം നൽകിയ നടപടി വിമർശിക്കപ്പെട്ടിരുന്നുവോ എന്ന് വ്യക്തമാക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ എന്ത് തുക വീതം ബിനാലെയ്ക്ക് നൽകിയിട്ടുണ്ട് ;

(ഇ) ബിനാലെ സംഘടിപ്പിക്കുക വഴി സംസ്ഥാനത്തിനുള്ള നേട്ടം വിശദമാക്കാമോ?

ഉത്തരം

(എ) 2012 ഡിസംബർ മുതൽ 2013 മാർച്ച് വരെയാണ് ആദ്യ ബിനാലെ നടന്നത്. ഇതിനായി 5 കോടി രൂപ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിൽനിന്നും അനുവദിക്കുന്നതിന് 6-10-2010-ലെ മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഒന്നാമത്തെ ബിനാലെയുടെ മുന്നോടിയായി കൊച്ചിയിലെ ദർബാർ ഹാൾ അന്തർദേശീയ നിലവാരമുള്ള സമകാലിക കലാപ്രദർശന ഗ്യാലറിയായി നവീകരിച്ചു. ഇത് ഇന്ന് ഇന്ത്യയിലെതന്നെ ഏറ്റവും നല്ല നിലവാരമുള്ള അന്തർദേശീയ സമകാലിക കലാഗ്യാലറിയാണ്. ആദ്യ ബിനാലെയിൽ ഇന്ത്യ ഉൾപ്പെടെ 23 രാജ്യങ്ങളിൽനിന്നും 78 ആർട്ടിസ്റ്റുകളുടെ കലാസൃഷ്ടികൾ പ്രദർശിപ്പിച്ചിരുന്നു. ഏകദേശം 4 ലക്ഷത്തോളം പേർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ബിനാലെ കാണാൻ എത്തിയിരുന്നു.

(സി) ബിനാലെ നടത്തിപ്പിന് സർക്കാർ അനുവദിച്ച സാമ്പത്തിക സഹായം ചെലവഴിച്ചതിലെ അപാകതകൾ ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഉന്നത സമിതി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്ന ബില്ലുകളും വൗച്ചറുകളും സ്വീകരിച്ച് തുടർ സാമ്പത്തിക സഹായം അനുവദിക്കുകയും വിജിലൻസ് അന്വേഷണം വേണ്ടെന്നു വയ്ക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബിനാലെയ്ക്ക് ആദ്യം നൽകിയ ധനസഹായം സംബന്ധിച്ച് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ശരിയായ രീതിയിൽ അക്കൗണ്ട്സ് സൂക്ഷിച്ചിട്ടില്ലെന്നും എക്സിബിഷൻ നടത്തുവാനായി അനുവദിച്ച തുക ശരിയായ രീതിയിൽ ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കാതെയും ശരിയായി ഓഡിറ്റ് നടത്തുക പോലും ചെയ്യാതെയുമാണ് സർക്കാർ വീണ്ടും തുക അനുവദിച്ചതെന്നും വിമർശിക്കപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുസിരിസ് ബിനാലെ ആഘോഷത്തിന്റെ ആദ്യ എഡിഷനുവേണ്ടി (2012 ഡിസംബർ മുതൽ 2013 മാർച്ച് വരെ) 4 കോടി രൂപയും രണ്ടാമത്തെ എഡിഷനുവേണ്ടി (2014 ഡിസംബർ മുതൽ 2015 മാർച്ച് വരെ) 2 കോടി രൂപയും (ആകെ 6 കോടി രൂപ) കൊച്ചി ബിനാലെ ഫൗണ്ടേഷന് നൽകിയിട്ടുണ്ട്.

(ഇ) ലോക സമകാലിക കലയ്ക്ക് ഇന്ത്യയിൽ കടന്നുവരാനുള്ള വേദിയാണ് കൊച്ചി മുസിരിസ് ബിനാലെ. കൊച്ചി-മുസിരിസ് ബിനാലെ കേരളീയർക്ക് ലോകസമകാലിക കല നേരിട്ട് കാണാൻ അവസരമുണ്ടാക്കിയിട്ടുണ്ട്. ഇത് സമകാലികകലാ വിദ്യാഭ്യാസത്തിന് വളരെയധികം പ്രയോജനം ചെയ്തിട്ടുണ്ട്. ബിനാലെ സംഘടിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ബിനാലെയുടെ ഭാഗമായി നടത്തുന്ന സ്റ്റുഡന്റ്സ് ബിനാലെ കലാരംഗത്തെ വിദ്യാർത്ഥികൾക്ക് പ്രചോദനമേകാൻ സഹായിച്ചിട്ടുണ്ട്. ബിനാലെ നടത്തിപ്പുമൂലം കേരളത്തിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിഞ്ഞതും ആഗോള സാംസ്കാരിക ഭൂപടത്തിൽ കൊച്ചിയേയും കേരളത്തേയും രേഖപ്പെടുത്താൻ കഴിഞ്ഞതും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഉണർവ്വേകാൻ കഴിഞ്ഞതും അഭിമാനകരമായ നേട്ടമാണ്. അന്തർദ്ദേശീയ കൺസൾട്ടിംഗ് സ്ഥാപനമായ കെ.പി.എം.ജി. നടത്തിയ പഠനം കൊച്ചി മുസിരിസ് ബിനാലെ സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ ടൂറിസം മേഖലകളിൽ ഉണർവ്വുള്ള പ്രതിഫലനങ്ങൾ ഉണ്ടാക്കിയെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം

80 (1480) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിലെ കഥകളി രൂപങ്ങൾക്ക് ആടയാഭരണങ്ങൾ അണിയിച്ചു നൽകാനുള്ള പ്രവൃത്തി കേരള കലാമണ്ഡലത്തിന് നൽകിയത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) എത്ര തുകയുടെ പ്രവൃത്തിയാണ് നൽകിയിരുന്നത് ; വ്യക്തമാക്കാമോ?

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly